(എഫ്) റേഷൻ സബ്സിഡി നൽകുന്നതിന് പ്രതിമാസം എന്തു തുക സർക്കാരിന് ചെലവാകുന്നുണ്ടെന്ന് അറിയിക്കുമോ;

(ജി) റേഷൻ സബ്സിഡി നൽകുന്നതിലുള്ള പരാതികൾ തീർക്കുന്നതിനും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുമാത്രം സബ്സിഡി നൽകുന്നതിനും കർശനമായ നിർദ്ദേശം നൽകുമോ;

(എച്ച്) റേഷൻ സബ്സിഡി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുവാൻ ആവശ്യപ്പെടുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) സംസ്ഥാനത്തെ 61,18,293 കാർഡുടമകൾക്ക് റേഷൻ സബ്സിഡി നൽകുന്നുണ്ട്.

(ഇ) ഇതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

(എഫ്) റേഷൻ സബ്സിഡി ഇനത്തിൽ സംസ്ഥാന സർക്കാരിന് പ്രതിമാസം 9.50 കോടിയോളം രൂപ ചെലവാകുന്നുണ്ട്.

(ജി) റേഷൻ സബ്സിഡി നൽകുന്നകാര്യത്തിൽ പരാതി ഉണ്ടെങ്കിൽ അതു പരിശോധിച്ച് തീരുമാനം കൈക്കൊള്ളുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി സബ്സിഡി പരിമിതപ്പെടുത്തുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

(എച്ച്) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കേന്ദ്രം കണ്ടെത്തിയ 25.43% കാർഡുടമകൾക്ക് കേന്ദ്ര വിൽപ്പനവിലയുടെ പകുതി വിലയ്ക്ക് പ്രതിമാസം 10 കിലോഗ്രാം അരി വീതം വിതരണം നടത്തുന്നതിനുള്ള സബ്സിഡി കേന്ദ്രം നൽകുന്നുണ്ട്. ബാക്കി 16.57% കുടുംബങ്ങൾക്ക് സംസ്ഥാന ഗവൺമെന്റാണ് സബ്സിഡി നൽകുന്നത്. മറ്റു നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

6. (*286) കാലാവധി കഴിഞ്ഞ മരുന്നുകൾ

ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും ലക്ഷക്കണക്കിനു രൂപയുടെ കാലാവധി കഴിഞ്ഞ മരുന്നുകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലാവധി കഴിഞ്ഞ മരുന്നുകൾ യഥാസമയം നശിപ്പിച്ചു കളയുവാൻ നിർദ്ദേശം നൽകുമോ;

(ഡി) അത്യാവശ്യ മരുന്ന് ലഭിക്കാതെ രോഗികൾ വരുമ്പോൾ ലക്ഷക്കണക്കിന് രൂപയുടെ മരുന്നുകൾ കെട്ടിക്കിടക്കുകയും നശിപ്പിക്കുകയും ചെയ്യുന്നത് ഒഴിവാക്കാൻ ശ്രമിക്കുമോ;

(ഇ) ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ മാത്രം വാങ്ങുന്നതിന് പകരം കൂടുതൽ മരുന്നുകൾ വാങ്ങി സ്റ്റോക്കു ചെയ്യുന്നതായും പിന്നീട് അതു നശിപ്പിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ രീതി അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) കാലാവധി കഴിഞ്ഞ ചുരുക്കം ചില മരുന്നുകൾ ചില ആശുപത്രികളിൽ ചെറിയ അളവിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തിര ഘട്ടങ്ങളിൽ ഉപയോഗിക്കത്തക്ക വണ്ണം ബഫർ സ്റ്റോക്കായി കുറച്ചു മരുന്നുകൾ അധികം സ്റ്റോക്ക് ചെയ്യാറുണ്ട്. അങ്ങനെ സ്റ്റോക്ക് ചെയ്യുന്നവ ചിലപ്പോൾ ഉപയോഗശൂന്യം ആകാറുണ്ട്. കൂടാതെ കൂടുതൽ ഫലപ്രദമായ മരുന്നുകൾ മാർക്കറ്റിൽ ലഭ്യമാകുമ്പോൾ അതു കൂടുതലായി ഉപയോഗിക്കുകയും പഴയത് കുറവായി ഉപയോഗിക്കുകയും ചെയ്യുന്നതും ഇതിന് കാരണമാകുന്നുണ്ട്.

(സി) ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ഡി) ആത്യാവശ്യ മരുന്നുകൾ രോഗികൾക്ക് ലഭ്യമാക്കാൻ ഉള്ള എല്ലാ നടപടികളും എടുത്തിട്ടുണ്ട്. ലക്ഷക്കണക്കിനു രൂപയുടെ മരുന്നുകൾ കെട്ടിക്കിടക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല. അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം ചില മരുന്നുകൾ കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമാകാറുള്ളൂ. ആവശ്യവും ഉപയോഗവും തമ്മിൽ കൃത്യമായി നിയന്ത്രിക്കുന്നതുകൊണ്ട് ഇത്തരം മരുന്നുകളുടെ അളവ് കുറഞ്ഞുവരുന്നുണ്ട്.

(ഇ) & (എഫ്) മെഡിക്കൽ കോളേജ് ആശുപത്രികളെ സംബന്ധിച്ച് ആവശ്യമുള്ള മരുന്നുകൾ നേരത്തെ തീരുമാനിച്ച് ആന്വൽ ഇന്റന്റ് തയ്യാറാക്കി വാങ്ങുന്നതിനും അവയുടെ ഉപയോഗം അനുസരിച്ച് മാത്രം വീണ്ടും ഓർഡർ നൽകുവാനും അതു നിയന്ത്രിക്കുന്നതിനുമായി ക്ലിനിക്കൽ ഫാർമസി വിഭാഗം എല്ലാ മെഡിക്കൽ കോളേജുകളിലും പ്രവർത്തിക്കുന്നതിനാൽ കാലാവധി കഴിഞ്ഞ മരുന്നുകൾ ഉപയോഗശൂന്യമാകുന്നത് വളരെ കുറഞ്ഞുവരുന്നു. സംസ്ഥാനത്തെ മറ്റ് ആശുപത്രികളെ സംബന്ധിച്ച മരുന്നുകൾ നാലു ഘട്ടങ്ങളായി വിഭജിച്ച് വാങ്ങുന്നതിനാൽ കൂടുതൽ മരുന്നുകൾ സ്റ്റോക്ക് ചെയ്യുന്നതിനും ഉപയോഗശൂന്യമാകുന്നതിനും സാദ്ധ്യത വളരെ കുറവാണ്.

7 (*287) പരിസ്ഥിതി നയം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :

LIBRARY ARCHIVES Kerala Legislative Assembly